# 'പാപം വെടിയുക'

## സങ്കീർത്തനങ്ങൾ 51:11

''നിന്റെ സന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ, നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ, നിന്റെ രക്ഷയുടെ സന്തോഷം തിരികെ തരേണമേ''

പാപം ചെയ്ത് നഷ്ടപ്പെടുത്തിയ ആത്മീയസന്തോഷം തിരികെ ലഭിക്കണമെന്ന് ദാവീദ് ആഗ്രഹിക്കുന്നു. ദൈവകൃപയിൽ ആശ്രയിച്ച് ജീവിച്ച ദാവീദിന് യൗവനകാലത്തും, ശൗലിനെ ഭയന്ന് കാട്ടിൽ അലയുന്ന കാലത്തു പോലും സ്വർഗ്ഗീയ ശാന്തിയും സന്തോഷവും, സമാധാനവും ഉണ്ടായിരുന്നു. എന്നാൽ ഊരിയാവിനെ വഞ്ചിച്ച് കൊന്നതും, ബേത്ശേബയുമായി പാപം ചെയ്തതും വഴി അവന്റെ സമാധാനം നഷ്ടപ്പെട്ടു. അതു കൊണ്ടാണ് ദൈവീക സമാധാനം തിരികെ തരേണമേ എന്ന് ദാവീദ് പ്രാർത്ഥിക്കുന്നത്.

നാഥാൻ പ്രവാചകൻ വന്ന് ദാവീദിന്റെ പാപം ബോധ്യപ്പെടുത്തിയപ്പോൾ അവന് പശ്ചാത്താപമുണ്ടായി. അവൻ കണ്ണീരോടെ പ്രാർത്ഥിച്ചു. നമ്മുടെ ജീവിതത്തിലും ചെറുതും വലുതുമായ രഹസ്യവും, പരസ്യവുമായ പാപങ്ങൾ ദൈവീക സമാധാനവും സന്തോഷവും ഇല്ലാതാക്കും. നിരാശയിലേക്കും, വേദനയിലേക്കും, ഒറ്റപ്പെടലിലേക്കും നമ്മെ തള്ളി നീക്കും. എന്നാൽ ദാവീദ് തന്റെ പാപം മറച്ചു വയ്ക്കാതെ ദൈവസന്നിധിയിൽ ഏറ്റു പറഞ്ഞപ്പോൾ അവന് നഷ്ടപ്പെട്ട രക്ഷയുടെ സന്തോഷം തിരികെ ലഭിച്ചു.

നമ്മുടെ ജീവിതത്തിലും സത്യസന്ധമായ പശ്ചാത്താപം നഷ്ടപ്പെട്ട സമാധാനം തിരികെ നൽകും. അവൻ നമ്മുടെ പാപങ്ങളെ കഴുകി നിർമ്മലമായ ഒരു ഹൃദയം നൽകും, പുതു ജീവൻ നൽകും, നിത്യ സമാധാനവും രക്ഷയും നൽകും. അതു കൊണ്ട് നമുക്കും പാപബോധത്തിനായി, പശ്ചാത്താപമുള്ള ഹൃദയത്തിനായി പ്രാർത്ഥിക്കാം.

പരാമർശം :

റോമർ 6:13–14

''നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ഉപകരണങ്ങളായി ദൈവത്തിനു കാഴ്ച്ചവെയ്ക്കുക. നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്ക് അധീനരാകയാൽ പാപത്തിന് ഇനി നിങ്ങളുടെമേൽ അധികാരം ഉണ്ടായിരിക്കുകയില്ല.''

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 021